**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്-2009 ലെ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച വിദഗ്ധ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച നിർദ്ദേശങ്ങൾ പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ.(സാധാ) നം.3906/2018/പൊ.വി.വ** തീയതി,തിരുവനന്തപുരം, 03/10/2018

---

സൂചന: 1. 19-10-2017 ലെ സ.ഉ(സാധാ) 3779/2017/പൊ.വി.വ.

2. 03-03-2018 ലെ സ.ഉ(സാധാ)941/2018/പൊ.വി.വ.

**<u>ഉത്തരവ്</u>**

2009-ലെ വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ധസമിതിയെ പരാമർശം ഒന്ന് പ്രകാരം രൂപീകരിക്കുകയുണ്ടായി. വിദ്യാഭ്യാസ അവകാശ നിയമവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിക്കുമ്പോൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലത്തിലും ഉൾക്കൊണ്ടുമാത്രമേ സാധിക്കുകയുള്ളൂവെന്നതിനാൽ സമിതിയുടെ പരിഗണനാവിഷയങ്ങൾ പുതുക്കി നിശ്ചയിച്ച് താഴെപറയും പ്രകാരം ഉത്തരവാകുന്നു.

1. 2009 വിദ്യാഭ്യാസ അവകാനിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് സംബന്ധിച്ച ഘടനാപരവും അക്കാദമികപരവുമായ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കുക.
2. ഇതനുസരിച്ച് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വന്ന നോട്ടിഫിക്കേഷനിൽ കൂടുതൽ വ്യക്തത വരുത്തേണ്ട ഭാഗങ്ങൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കുക.
3. 12-ാം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസത്തിന്റെ എല്ലാതലങ്ങളും ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കാനുതകും വിധം ഘടനാപരമായ മാറ്റം ഉൾപ്പെടെ എല്ലാ വശങ്ങളും പഠിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കുക.
4. 2009 ലെ വിദ്യാഭ്യാസ അവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ അവയുൾപ്പെടെ സ്കൂൾ വിദ്യാഭ്യാസരംഗത്ത് ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കാനായി കേരള വിദ്യാഭ്യാസ നിമങ്ങളിലും ചട്ടങ്ങളിലും വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ച് നിർദ്ദേശങ്ങൾ രൂപീകരിക്കുക.
5. സാമൂഹിക നീതിയും, അവസരതുല്യതയും, ഗുണമേന്മയും സ്കൂൾ വിദ്യാഭ്യാസരംഗത്ത് ഉറപ്പാക്കാൻ ആവശ്യമായ എല്ലാ വശങ്ങളും പരിശോധിച്ച് അതിനനുഗുണമായ നിയമങ്ങളും ചട്ടങ്ങളും രൂപം നൽകാനാവശ്യമായ നിർദ്ദേശങ്ങൾ

രൂപീകരിക്കുക.

വിദഗ്ധസമിതിയുടെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനായി താഴെപറയുന്ന സജ്ജീകരണങ്ങൾ നടത്തേണ്ടതാണ്.

1. സമിതിയുടെ പ്രവർത്തനത്തിനായി ഓഫീസ് സൗകര്യം സീമാറ്റ് കേരളയിൽ സജ്ജീകരിക്കേണ്ടതാണ്.
2. സമിതിയുടെ സുഗമമായ പ്രവർത്തനത്തിനായി താഴെപറയുന്ന ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സമിതിയെ ചുമതലപ്പെടുത്തുന്നു.

   അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ-1

   ഡി.റ്റി.പി ഓപ്പറേറ്റർ -1

   ഓഫീസ് അസിസ്റ്റന്റ് -1

3. സമിതി പ്രവർത്തനങ്ങളുടെ ആവശ്യത്തിനായി ചെയർമാന്റെ ആവശ്യാനുസരണം ഒരു വാഹനം ക്രമീകരിക്കുന്നതിന് സീമാറ്റിനെ ചുമതലപ്പെടുത്തുന്നു
4. സമിതി വിവിധ ഭാഗങ്ങളിൽ സിറ്റിംഗ് നടത്തുന്ന ഘട്ടത്തിൽ ക്യാമ്പ്, സിറ്റിംങ്ങുകൾ ,അക്കോമഡേഷൻ തുടങ്ങി പ്രാദേശികമായി സിറ്റിങ്ങിനായുള്ള എല്ലാ ക്രമീകരണങ്ങളും വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള അതത് ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ നടത്തേണ്ടതാണ്.
5. സമിതിയുടെ പ്രവർത്തനങ്ങളുടെ മുഴുവൻ സാമ്പത്തിക ചെലവുകളും സീമാറ്റ് കേരള വഹിക്കേണ്ടതാണ്.

മേൽ പറഞ്ഞ നിർദ്ദേശങ്ങൾക്ക് സമിതിയുടെ രൂപീകരണ തീയതിമുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എച്ച്.നജീബ്
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ.എം.എ. ഖാദർ, ചെയർമാൻ, 2009 ലെ വിദ്യാഭ്യാസ
അവകാശ നിയമം നടപ്പിലാക്കുന്നതിനായി
രൂപീകരിച്ച വിദഗ്ധ സമിതി (C/o ഡയറക്ടർ,സീമാറ്റ്)
ശ്രീ.ജ്യോതി ചൂഡൻ
(റിട്ട.സ്പെഷ്യൽ സെക്രട്ടറി,നിയമ വകുപ്പ്) ( ,, )
ഡോ.സി.രാമകൃഷ്ണൻ, പാലാട്ട് ഹൗസ്,
പീലിക്കോട്.പി.ഒ, കാസർഗോഡ്. ( ,, )
ഡയറക്ടർ,സീമാറ്റ്,കേരള,തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഡയറക്ടർ, വിവരപൊതുജനസമ്പർക്ക
(വെബ് & ന്യൂമീഡിയ)/(പ്രസ്സ് റിലീസ്) വകുപ്പ്
(വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും/സെക്ഷനുകളിലേക്കും.

പകർപ്പ്:

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
ബഹു.പൊതു വിദ്യാഭ്യാസ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സെക്രട്ടറിയുടെ സി.എക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ